പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 987 — 6/6/2018 ൽ മറുപടിക്ക്

## ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

ശ്രീ. വി. ടി. ബൽറാം:

മറുപടി

അഡ്വ . കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതി പ്രകാരം എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;വ്യക്തമാക്കാമോ ; | എ) | ഗോസമൃദ്ധി 2017 -18 പദ്ധതി പ്രകാരം സംസ്ഥാനത്ത് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം കേരള സംസ്ഥാനത്ത് ജനറൽ വിഭാഗത്തിലെ കർഷകരുടെ 55000 ഉരുക്കളെയും എസ്.സി/എസ്.ടി വിഭാഗത്തിലെ കർഷകരുടെ 5000 ഉരുക്കളെയും ചേർത്ത് ആകെ 60000 ഉരുക്കളെ (പശു / എരുമ ) ഇൻഷ്വർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പൂർണ്ണമായും മൃഗസംരക്ഷണ വകുപ്പിന്റെ ഇൻഷ്വറൻസ് മാനേജ്മെന്റ് പോർട്ടൽ വഴി സുതാര്യമായി പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവഴി കർഷകന്റെ ഫോട്ടോ, കർഷകന്റെ വിവരങ്ങൾ, ഉരുവിന്റെ ഫോട്ടോ എന്നിവ മനസ്സിലാക്കുവാനും കർഷകന്റെ താമസസ്ഥലം ജിയോമാപ്പിംഗ് ചെയ്യുന്നതിനാൽ നേരിട്ട് കർഷകന്റെ സ്ഥലം അറിയുവാനും സാധിക്കുന്നു. |
| ബി) | പ്രസ്തുത ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) | പദ്ധതി നടന്നു വരികയാണ്. 2018 മാർച്ച് മാസത്തിലാണ് ഫീൽഡ് തലത്തിൽ മൃഗാശുപത്രികൾ വഴി പദ്ധതി ആരംഭിച്ചത്. 2018 മെയ് മാസം വരെ 17000 ഉരുക്കളെ ഇൻഷ്വർ ചെയ് ത് 28 % പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിക്ക് നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) | ഉണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ മുഖേന കേന്ദ്രവിഹിതമായി 2017 -18 സാമ്പത്തികവർഷം 50 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻഓഫീസർ